**അനുബന്ധം-I**

<u>ചോദ്യം നമ്പർ (*3)-ന്റെ 'ഡി' പിരിവിന്റെ വിശദമായ മറുപടി</u>

| | |
|---|---|
| എ.എ.വൈ. | 30 കിലോ അരി സൗജന്യമായി ഗോതമ്പ്, ആട്ട, റാഗി എന്നിവയുൾപ്പടെ 5 കിലോ ഗ്രാം (പരമാവധി രണ്ട് പാക്കറ്റ് ആട്ട, ഒരു പാക്കറ്റ് റാഗി) ആട്ട 7 രൂപ/പാക്കറ്റ്, റാഗി 8 രൂപ/ പാക്കറ്റ് നിരക്കിലും |
| പി .എച്ച്.എച്ച്. | കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരി വീതം സൗജന്യമായും ഒരു കിലോ ഗോതമ്പ്/ ആട്ട/ റാഗി (കാർഡിന് പരമാവധി 3 പാക്കറ്റ് ആട്ട അല്ലെങ്കിൽ ഒരു പാക്കറ്റ് റാഗി) ആട്ട 9 രൂപ/പാക്കറ്റ്, റാഗി 10 രൂപ/പാക്കറ്റ് നിരക്കിലും |

**അനുബന്ധം-II**

(1) '<u>ദേവപ്പാറ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം' സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടി</u>

കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിനുകീഴിലുള്ള ദേവപ്പാറ കരിങ്കൽ ക്വാറി നടത്താൻ മണ്ണാർക്കാട് താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് വ്യവസായ സഹകരണ സംഘത്തിന് മൂന്ന് വർഷ കാലാവധിയോടുകൂടി ഇറിഗേഷൻ വകുപ്പ് (എൻ.ഒ.സി.) അനുമതി നൽകിയിരുന്നു. എന്നാൽ ക്വാറി നടത്തുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കാത്തതിനാൽ എൻ.ഒ.സി.-യുടെ കാലാവധി 04-04-2021-ന് അവസാനിച്ചിരുന്നു. ക്വാറി അനുമതി ടെണ്ടർ നൽകി നൽകുന്നതാണ് ഗവൺമെന്റിന്റെ പൊതുനയം. ദേവപ്പാറ ക്വാറി നടത്തിപ്പ് നൽകൽ സുതാര്യമാക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദേശിച്ചിട്ടുള്ളതിനാൽ (അക്കൗണ്ടന്റ് ജനറലിന്റെ ക്വറിക്ക് ഭാവിയിൽ ക്വാറി നടത്തിപ്പ്, ടെണ്ടർ/ക്വട്ടേഷൻ മുഖാന്തരം നടത്തുമെന്ന് മറുപടി നൽകിയിട്ടുള്ളതുമാണ്.) ഇറിഗേഷൻ വകുപ്പ് ഈ സംരംഭത്തിന് അനുവാദം നൽകിയിട്ടില്ല. എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച നിയമകാര്യങ്ങൾ പരിശോധിച്ച് വരികയാണ്.

ആയതിന്മേൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(2) 'വൈദ്യുതി പ്രസരണ രംഗത്ത് കാസർഗോഡ് ജില്ല നേരിടുന്ന പ്രശ്നങ്ങൾ' സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി

കണ്ണൂർ ട്രാൻസ്മിഷൻ സർക്കിളിന്റെ അധികാരപരിധിയിലാണ് കാസർഗോഡ് ജില്ലയിലെ പ്രസരണ വിഭാഗത്തിലെ ഓഫീസുകൾ. കാസർഗോഡ് ജില്ല കേന്ദ്രീകരിച്ച് പുതിയ ട്രാൻസ്മിഷൻ സർക്കിൾ രൂപീകരിക്കുന്നത് നിലവിൽ ബോർഡിന്റെ പരിഗണനയിൽ ഇല്ല. പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് ബോർഡിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ആയത് ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ

പുനർനിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ആയതിനാൽ കാസർഗോഡ് ജില്ലയിൽ ചേർക്കള സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രസരണ രംഗത്ത് നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. <u>110 കെ.വി. കുറ്റിക്കോൽ സബ്സ്റ്റേഷൻ</u>

പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 27 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ സബ്സ്റ്റേഷന്റെ പ്രവൃത്തി 80% -ഉം അനുബന്ധ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ പ്രവൃത്തി 15%- ഉം പൂർത്തിയായി.

2. <u>110 KV വിദ്യാനഗർ സബ്സ്റ്റേഷന്റെ ശേഷി 220 കെ.വി. ആയി ഉയർത്തൽ</u>

31 കോടി രൂപ ചെലവിൽ നിലവിലുള്ള 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷൻ 220 കെ.വി. ആയി ഉയർത്തുന്നതിന് 2022-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ നേരത്തെ തീരുമാനിച്ച 100 MVA ട്രാൻസ്ഫോർമറുകൾ (2 എണ്ണം) മാറ്റി 200 MVA ആക്കുക, സബ്സ്റ്റേഷൻ ആട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തുക, 33 കെ.വി. സംവിധാനം ഇൻഡോർ ആക്കുക തുടങ്ങിയ വ്യതിയാനങ്ങൾ വരുത്താൻ തീരുമാനിച്ചതിനാൽ പ്രാഥമിക കണക്കുകൂട്ടലുകൾ പ്രകാരം സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾക്കായി ഏകദേശം 60 കോടി രൂപ ചെലവ് വരും. ടി പദ്ധതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് തുക മാറുമെന്നതിനാൽ പുതിയ തുകയ്ക്കുള്ള ഭരണാനുമതി നൽകേണ്ടതുണ്ട്. 2024 ഡിസംബറിനുള്ളിൽ ടി പദ്ധതിക്കുള്ള ടെണ്ടർ വിളിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തിക്കുള്ള കരാർ നല്കിക്കഴിഞ്ഞാൽ ഏകദേശം 2 വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകും.

3. <u>220 KV സബ്സ്റ്റേഷൻ മൈലാട്ടി മുതൽ 110 കെ.വി. സബ്സ്റ്റേഷൻ വിദ്യാനഗർവരെയുള്ള 12 കിലോമീറ്റർ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനാക്കി ശേഷി ഉയർത്തുന്നതിനുള്ള പദ്ധതി</u>

പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള ലൈൻ അഴിച്ചുമാറ്റി പുതിയത് സ്ഥാപിക്കുന്നത് സാധ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഈ ലൈൻ ഓഫാക്കിയാൽ വിദ്യാനഗർ 110 കെ.വി. സബ്സ്റ്റേഷൻ 33 KV സബ്സ്റ്റേഷനുകളായ കാസർഗോഡ് ടൗൺ, അനന്തപുരം എന്നിവടങ്ങളിലേയ്ക്കുള്ള വൈദ്യുതി തടസ്സപ്പെടുമെന്നതിനാൽ, പ്രവൃത്തി നടക്കുന്ന ഭാഗം ബൈപാസ് ചെയ്ത് വൈദ്യുതിയുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തിയാണ് പ്രവൃത്തി ചെയ്തുവരുന്നത്. ആദ്യ ഘട്ടത്തിലെ 3 km ലൈനിന്റെ നിർമ്മാണം ഒക്ടോബർ 2004-ൽ പൂർത്തീകരിക്കുന്നതാണ്. പദ്ധതി പൂർണ്ണമായി 2026-27-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

4. <u>110 കെ.വി. സബ്സ്റ്റേഷൻ സീതാംഗോളി</u>

കാസർഗോഡ് ജില്ലയിലെ സീതാംഗോളിയിൽ ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 13 കോടിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമിയും

കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

5. <u>33 കെ.വി. സബ്സ്റ്റേഷൻ നീലേശ്വരം 110 കെ.വി. സബ്സ്റ്റേഷനായി ശേഷി ഉയർത്തുന്ന പ്രവൃത്തി</u>

രണ്ട് 12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന ഈ പദ്ധതിക്ക് 11.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് യാർഡ് ലേ ഔട്ട്, ലൈനിന്റെ പ്രൊഫൈൽ എന്നിവയ്ക്ക് ഡ്രോയിങ്ങ് അപ്രൂവൽ ലഭ്യമായിട്ടുണ്ട്. ആദ്യ ഘട്ട 110 KV ബേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി 2025-26-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

6. <u>33 KV സബ്സ്റ്റേഷൻ അഡൂർ (പെലമർവ്വ)</u>

110 കെ.വി. മുള്ളേരിയ സബ്സ്റ്റേഷനിൽ നിന്നും പത്ത് കിലോമീറ്റർ 33 കെ.വി. ലൈൻ വലിച്ച് അഡൂർ വില്ലേജിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ് പദ്ധതി. ഈ പദ്ധതിക്ക് 11.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അഡൂർ

വില്ലേജിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി 2025-26 കാലയളവിൽ പൂർത്തീകരിക്കുന്നതിനായാണ് ലക്ഷ്യമിടുന്നത്.

**മറ്റ് പ്രവൃത്തികൾ**

2032 വരെയുള്ള പ്രസരണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിട്ട് രൂപപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല, ദീർഘകാല ട്രാൻസ്മിഷൻ പ്ലാനിൽ ഉൾപ്പെടുത്തി 353.1 കോടി രൂപയുടെ പദ്ധതികൾ പ്രസരണ വിഭാഗത്തിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സാങ്കേതിക പഠനവും സാമ്പത്തിക വിശകലനവും നടത്തി അനുകൂലമാണെങ്കിൽ ഏറ്റെടുക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2026-27-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് 28 കോടി രൂപയുടെ വെള്ളരികുണ്ട് 110 കെ.വി. സബ്സ്റ്റേഷൻ, 12 കോടി രൂപയുടെ ബോവിക്കാനം 33 കെ.വി. സബ്സ്റ്റേഷൻ, 10 കോടി രൂപയുടെ പടന്നക്കാട് 33 കെ.വി. സബ്സ്റ്റേഷൻ, 12 കോടി രൂപയുടെ പടന്ന 33 കെ.വി. സബ്സ്റ്റേഷൻ, 13 കോടി രൂപയുടെ ചെമ്പരിക്ക 33 കെ.വി. സബ്സ്റ്റേഷൻ, 16.5 കോടി രൂപയുടെ വോർക്കാഡി 33 കെ.വി. സബ്സ്റ്റേഷൻ

എന്നിവയുടെയും 2026-28-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 23 കോടി രൂപയുടെ പെരിയ 110 കെ.വി. സബ്സ്റ്റേഷൻ, 26 കോടി രൂപയുടെ പൈവളിഗെ 110 കെ.വി. സബ്സ്റ്റേഷൻ; 2027-28-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 23 കോടി രൂപയുടെ ബേളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 kV ആയി ഉയർത്തുന്നത്, 2028-29-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 33 കോടി രൂപയുടെ ചീമേനി 220 കെ.വി. സബ്സ്റ്റേഷൻ, 11 കോടി രൂപയുടെ ബേക്കൽ 33 കെ.വി. സബ്സ്റ്റേഷൻ, 8 കോടി രൂപയുടെ ചിത്താരി 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെയും സാങ്കേതിക പഠനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

കൂടാതെ നിരവധി പുതിയ ലൈനുകളുടെ നിർമ്മാണവും നിലവിലെ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതികളും Long Term Transmission plan-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

<u>ഉഡുപ്പി-കരിന്തളം 400 KV ലൈനും 400 കെ.വി. സബ്സ്റ്റേഷനും</u>

കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്റ്റ് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി. (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർ ലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ

ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് കരിന്തളം 400 കെ.വി. സബ്സ്റ്റേഷനും അനുബന്ധ 400 കെ.വി. ലൈനും നിർമ്മിക്കുന്നത്. കരിന്തളത്ത് 400 KV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

**കരിന്തളം-വയനാട് 400 കെ.വി. ലൈൻ-നിർമ്മാണ പ്രവൃത്തികളിൽ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

കരിന്തളത്ത് സ്ഥാപിക്കുന്ന 400 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പള്ളി വരെ 125 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണമാണ് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്നത്. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലൂടെയാണ് നിർദ്ദിഷ്ട ലൈൻ കടന്നുപോകുന്നത്. ലൈൻ നിർമ്മാണത്തിന്റെ മൊത്തം പുരോഗതി നിലവിൽ ഏകദേശം 12% ആണ്. ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി പ്രത്യേക നഷ്ടപരിഹാരപാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലമുടമകൾ തടസ്സം

ഉന്നയിക്കുന്നതിനാൽ 2022 ഏപ്രിൽ മാസത്തിൽ കരാർ നൽകിയ പ്രവൃത്തിക്ക് ഉദ്ദേശിച്ച പ്രകാരമുള്ള പുരോഗതി ഇതുവരെ കൈവരിക്കാനായിട്ടില്ല. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായും നഷ്ടപരിഹാരം സംബന്ധിച്ച് സമവായം രൂപീകരിക്കുന്നതിനുമായി ജനപ്രതിനിധികളെയും ഭൂവുടമകളെയും ഉൾപ്പെടുത്തി നിരവധി യോഗങ്ങൾ സംഘടിപ്പിച്ചെങ്കിലും ഇതുവരെ സമവായമുണ്ടായിട്ടില്ല.

കാസർഗോഡ് ജില്ലയിലെ സ്പെഷ്യൽ പാക്കേജ്

വ്യവസായവൽക്കരണം, ഗതാഗതം അടക്കമുള്ള മേഖലകളിലെ വൈദ്യുതി ഊർജ്ജത്തിലേയ്ക്കുള്ള മാറ്റം തുടങ്ങിയവ 2021-ൽ ആസൂത്രണം ചെയ്ത ദ്യുതി, RDSS പദ്ധതികൾ കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടായതിനാൽ ഇതിലുൾപ്പെട്ട് കാസർഗോഡ് ജില്ലയിൽ 394 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.

കാസർഗോഡ് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ പ്രധാനമായും 174 കി. മീ. HT OH ലൈനും 373 കി.മീ. HT ABC ലൈനും 0.4 കി.മീ. LT covered conductor -ഉം പുതുതായി നിർമ്മിക്കാനും 275 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും 71 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതോടൊപ്പം 1856 കി.മീ. പഴയ LT ലൈനുകൾ മാറ്റി പുതിയത് വലിക്കാനും 116 കി.മീ. HT ലൈനുകളും 110 കി.മീ. LT ലൈനുകളും കവേർഡ് കണ്ടക്ടറുകൾ ആക്കി മാറ്റാനും 99 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. വൈദ്യുതി ഉപയോഗത്തിലും ഇലക്ട്രിക്ക് വാഹനങ്ങളുടെ സർക്കാർ നയങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി അടങ്കൽ തുകയിലും പ്രവൃത്തികളിലും ചെറിയ വ്യതിയാനങ്ങൾക്ക് സാധ്യതയുണ്ട്.

2024-25-ൽ തുടങ്ങി 2026-27 കൊണ്ട് സ്പെഷ്യൽ പാക്കേജ് പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടേൺ-കീ വ്യവസ്ഥ

ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്.

മേല്പറഞ്ഞ വിഷയങ്ങൾ ബഹു. എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ബന്ധപെട്ട കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുമായി 10-10-2024-ന് ചർച്ച ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.

(3) 'എടത്തിരുത്തി ഉപ്പുംതുരുത്തി പാലത്തിനും ആറാട്ടുവഴി പാലത്തിനും ഭരണാനുമതി' സംബന്ധിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി

തൃശ്ശൂർ ജില്ലയിൽ കയ്പ്പമംഗലം, ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളിലെ എടത്തിരുത്തി-പടിയൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉപ്പുംതുരുത്തി പാലം നിർമ്മാണത്തിന് 2020-21 ബജറ്റിൽ 20% പ്രൊവിഷൻ ലഭിച്ചിട്ടുള്ളതാണ്. പാലം നിർമ്മാണത്തിനായി സാധ്യതാപഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുള്ളതുമാണ്. പ്രവൃത്തിക്കായി ചെന്ത്രാപ്പിന്നി, എടത്തിരുത്തി ഭാഗങ്ങളിലായി ഏകദേശം 169 സെന്റ് സ്ഥലം ഏറ്റെടുക്കണം. ലഭ്യമായ ഡിസൈൻ ഡ്രോയിംഗ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള 338 ലക്ഷം രൂപ

ഉൾപ്പെടെ 32 കോടി രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ബജറ്റ് പ്രൊവിഷനിൽ അധികരിച്ചതിനാൽ ധനകാര്യവകുപ്പ് തൽക്കാലം മാറ്റിവയ്ക്കാൻ നിർദേശിച്ചിരിക്കുകയാണ്. ഭരണാനുമതിക്കായി വീണ്ടും ധനകാര്യവകുപ്പിനെ സമീപിക്കാം. ഏറിയാട് ഗ്രാമപഞ്ചായത്തിലെ ആറാട്ടുംവഴി പാലത്തിന്റെ പുനർനിർമ്മാണത്തിനായി 2024-25 ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി തയ്യാറാക്കിയ TGD (Tentative General Design) സൈറ്റിന് അനുയോജ്യമായിരുന്നില്ല. തുടർന്ന് 21-03-2024-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഏറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ എന്നിവർ സംയുക്ത സ്ഥല പരിശോധന നടത്തി പുതിയ അലൈൻമെന്റ് വേണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതുപ്രകാരം തയ്യാറാക്കിയ പുതിയ അലൈൻമെന്റ് ഡിസൈൻ വിംഗിലേയ്ക്ക് നൽകിയിട്ടുണ്ട്. സമയബന്ധിതമായി ഡിസൈൻ തയ്യാറാക്കാൻ ഡിസൈൻ വിംഗിന് നിർദേശം നൽകുന്നതാണ്. പുതുക്കിയ ഡിസൈൻകൂടി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും.

(4) 'ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലത്തിന്റെയും എളങ്കുന്നപ്പുഴ-പൂക്കാട്-കണ്ടെയ്യർ റോഡ് പാലത്തിന്റെയും നിർമ്മാണം' സംബന്ധിച്ച് ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി

കൊച്ചിയിലെ ദ്വീപ് സമൂഹങ്ങളിലെ ജനതയുടെ ഏറ്റവും പ്രധാനപ്പെട്ട യാത്രാമാർഗമാണ് ഗോശ്രീ പാലങ്ങൾ. കൊച്ചിയിലെ വ്യവസായ മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും ഒരുപോലെ ഗുണകരമാകുന്ന ഒന്നായി ഗോശ്രീ പാലങ്ങൾ മാറിയിട്ടുണ്ട്. നിലവിൽ ഗോശ്രീ പാലങ്ങൾ ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ (ജിഡ) ആസ്തിയിലാണ് വരുന്നത്. മൂന്ന് പാലങ്ങളിൽ രണ്ടാമത്തെ പാലത്തിന് ഒരു സമാന്തര പാലം നിലവിലുണ്ട്. ഒന്നും മൂന്നും പാലങ്ങൾക്കാണ് സമാന്തര പാലം ആവശ്യമായിവരുന്നത്. വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും വൈപ്പിൻ മേഖലയിൽ തീരദേശ ഹൈവേകൂടി സാധ്യമാകാൻ പോവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗോശ്രീ പാലങ്ങൾക്കുള്ള സമാന്തര പാലം എന്നത് ന്യായമായ ഒരു ആവശ്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പല ഘട്ടങ്ങളിലായി ഈ ആവശ്യം മുന്നോട്ടുവയ്ക്കുന്നുണ്ട്. എം.എൽ.എ.-യുടെ ആവശ്യപ്രകാരം രണ്ട് സമാന്തര

പാലങ്ങളുടേയും നിർമ്മാണത്തെ സംബന്ധിച്ച പ്രാഥമികമായ കാര്യങ്ങൾ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ആരംഭിച്ച കാര്യം ഈ സഭയെ അറിയിക്കുന്നു. മൂന്നാം പാലത്തിന് സമാന്തരമായി കാളമുക്ക് ജംഗ്ഷനിൽനിന്നും വല്ലാർപാടത്തേയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കൂടി ശ്രദ്ധയിൽപ്പെടുത്താം. ഒന്നാം പാലത്തിന് സമാന്തരപാലം നിർമ്മിക്കുന്നതിന് വെർട്ടിക്കൽ ക്ലിയറൻസും ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ മറുപടി ലഭ്യമാകുന്നതിന് അനുസരിച്ച് പാലങ്ങൾ വിഭാഗം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കും. അതോടൊപ്പം ഇലങ്കുന്നപ്പുഴ-പൂക്കാട് പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്താനും പാലങ്ങൾ വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടെ കാര്യത്തിലുമുള്ള നടപടിക്രമങ്ങൾ പ്രത്യേകമായി പരിശോധിക്കാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) 'കല്ലേപ്പുള്ളിയിലുള്ള മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം' സംബന്ധിച്ച് ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടി

പട്ടികജാതി വകുപ്പിന്റെ ധനസഹായം ഉപയോഗപ്പെടുത്തി, വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ KELPALM മുഖേന പാലക്കാട് ജില്ലയിലെ തരൂർ, കല്ലേപ്പുള്ളിയിൽ ഒരു മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനും മില്ലിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളിൽ പട്ടികജാതി വിഭാഗക്കാരെ മാത്രം നിയമിക്കാമെന്നും ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മിൽ സ്ഥാപിക്കുന്നതിന് 2017-ൽ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നാളിതുവരെ ഡി.പി.ആർ. പ്രകാരമുള്ള പ്രോജക്ട് കോസ്റ്റായ 6,08,40,000/- രൂപയിൽ 5,82,46,401/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. KELPALM ടി പദ്ധതി ടേൺ-കീ അടിസ്ഥാനത്തിൽ നിർവ്വഹണത്തിനായി KEL-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

നെല്ല് സംസ്കരണത്തിനായുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിച്ചു. യന്ത്രസാമഗ്രികളും സ്ഥാപിച്ചിട്ടുണ്ട്. ഏകദേശം

80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി KELPALM അറിയിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷനിംഗിന് മുമ്പായി ചില അടിയന്തര പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ടെന്നും ആയതിന് 2.86 കോടി രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ടും KELPALM പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. ഇക്കാര്യം കൂടി പരിശോധിച്ച് സമയബന്ധിതമായി റൈസ് മിൽ പ്രവർത്തന സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട് 10-10-2024-ന് ഉന്നതതല യോഗം വിളിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

(6) '<u>പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള നിരോധനം നീക്കാൻ നടപടി' സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.-യുടെ സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടി</u>

സംസ്ഥാനത്ത് 2014 മുതൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. മുൻ വർഷങ്ങളിൽ ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത്തവണ പതിവിന് വിപരീതമായി ഏപ്രിൽ മാസത്തിലാണ് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2024 ഏപ്രിൽ മാസം 16-ന് ആദ്യമായി ആലപ്പുഴ ജില്ലയിലെ എടത്വാ

ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട രോഗം പിന്നീട് ജില്ലയുടെ മറ്റ് ഭാഗങ്ങളിലേക്കും കോട്ടയം, പത്തനംതിട്ട ജില്ലകളിലേക്കും വ്യാപിപ്പിക്കുകയാണുണ്ടായത്. ഇത് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലായി തുടർന്നുവന്നു. എന്നാൽ ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണവിധേയമായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് പക്ഷിപ്പനിയുടെ 38 പ്രഭവകേന്ദ്രങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ 19 ഇടങ്ങളിൽ പറവകളിലും രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പ്രകാരമാണ് പക്ഷിപ്പനി പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നത്. ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽനിന്നും പക്ഷിപ്പനി സ്ഥിരീകരിച്ചതായ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പക്ഷിപ്പനി വ്യാപനം തടയുന്നതിനായി പ്രഭവകേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിലെ വളർത്തുപക്ഷികളെ ശാസ്ത്രീയമായി ദയാവധം ചെയ്ത് സംസ്കരിച്ച്, സാനിറ്റൈസേഷൻ നടത്തുകയും ഒന്ന് മുതൽ പത്ത് കിലോമീറ്റർ

വരെ ചുറ്റളവിലുള്ള "അതി നിരീക്ഷണ മേഖലയിൽ" താറാവ്, കോഴി, കാട, മറ്റ് വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനവും കടത്തലും നിരോധിക്കുകയും ചെയ്യുന്നു. തദ്ദേശസ്ഥാപന പ്രതിനിധികൾ, റവന്യൂ അധികാരികൾ എന്നിവരുടെ മേൽനോട്ടത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, കർഷകർ എന്നിവരുടെ സാന്നിധ്യത്തിലാണ് പക്ഷികളെ കൊന്ന് മറവ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽനിന്നുമുള്ള വിദഗ്ധ സമിതി പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്ത് സന്ദർശിക്കുകയും ചെയ്തിട്ടുള്ളതാണ്.

പക്ഷിപ്പനി രോഗബാധ വരാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള വ്യാപനം, ദേശാടനപക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനായി 19-06-2024-ലെ GO (Rt) No. 339/2024/AHD നമ്പർ പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനതല വിദഗ്ധ സമിതി, രോഗബാധിത

പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തുകയും ഹ്രസ്വകാല, ഇടക്കാല, ദീർഘകാല നടപടികളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പക്ഷിപ്പനി നിയന്ത്രണവിധേയമാക്കുന്നതിനും പുനർവ്യാപനം തടയുന്നതിന്റെയും ഭാഗമായി 2025 മാർച്ച് 31 വരെയോ ദേശാടന പക്ഷികളുടെ അടുത്ത ദേശാടന സീസൺ വരെയോ പൂർണമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. കൺട്രോൾ ഏരിയയിലെ മുഴുവൻ പക്ഷികളെയും 'ദയാവധം' ചെയ്യുന്നതിനും കർശനമായ നിയന്ത്രണങ്ങൾ സ്വീകരിക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ ശിപാർശ ചെയ്തിരുന്നത്. സംസ്ഥാന സർക്കാർ മേൽ ശിപാർശകൾ വിലയിരുത്തുകയും നിയന്ത്രണങ്ങൾ നിലവിൽ വരുത്തുമ്പോൾ പക്ഷികർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് രോഗബാധിത പ്രദേശങ്ങളിലെ മാത്രം പക്ഷികളെ 'ദയാവധം' ചെയ്യുകയും, നിയന്ത്രണ കാലയളവ് ഡിസംബർ 31 വരെ പരിമിതപ്പെടുത്തുകയുമാണ് ചെയ്തത്. രോഗബാധിത പ്രദേശത്ത് രോഗവ്യാപനം തടയുന്നതിനും പുതിയതായി

രോഗം റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള മുൻകരുതലുകളുടെ ഭാഗമായിട്ടാണ് സർക്കാർ ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, പക്ഷികളുടെ എണ്ണം കുറച്ച് കൊണ്ടുവരുന്നതിനായി ഹാച്ചറി നിയന്ത്രണങ്ങളും രോഗബാധിത മേഖലയുടെ അകത്തേക്കോ പുറത്തേക്കോ ഒരു ദിവസം പ്രായമായ താറാവ്, കോഴി എന്നിവയും വിരിയാറായ മുട്ടകളും കൊണ്ടുപോകുന്നത് ഒഴിവാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്.

രോഗബാധിത പ്രദേശങ്ങളിൽ സ്വീകരിച്ചിരിക്കുന്ന തുടർനടപടികൾ കേന്ദ്ര സർക്കാർ നിർദേശപ്രകാരം കൈക്കൊണ്ടിട്ടുള്ളതും പക്ഷിപ്പനി രോഗവ്യാപനം തടയുന്നതിനുമായതിനാൽ ഒരു വാർഡിനോ, പഞ്ചായത്തിനോ മാത്രമായി ഇളവുകൾ വരുത്താൻ സാധിക്കുകയില്ല. ആയതിനാൽ ചങ്ങനാശ്ശേരി താലൂക്കിൽ വളർത്തുപക്ഷികളെ വളർത്തുന്നതിനും കൊണ്ടുവരുന്നതിനും ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം പായിപ്പാട് പഞ്ചായത്തിലെ പൂവം വാർഡിലോ, പായിപ്പാട് പഞ്ചായത്തിലോ മാത്രമായി നിജപ്പെടുത്താൻ നിർവാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, ആലപ്പുഴ ജില്ലയിലും സമീപ പ്രദേശങ്ങളിലുമായി സർക്കാർ

സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ (MPI) 32-ഓളം ഡീലർ ഷോപ്പുകൾവഴി ശീതീകരിച്ച ഇറച്ചി ഉൽപന്നങ്ങൾ വിൽപന നടത്തുന്നുണ്ട്. ഇത് കൂടാതെ, " MPI MEATS & BITES" എന്ന പേരിൽ ശീതീകരിച്ച ഇറങ്ങി ഉൽപന്നങ്ങളും ഫ്രഷ് ഇറച്ചിയും വിതരണം നടത്തുന്നതിന് ആലപ്പുഴ ജില്ലയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ 5 ഫ്രാഞ്ചൈസികൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. പക്ഷിപ്പനിമൂലം ആലപ്പുഴ ജില്ലയിലുണ്ടായിട്ടുള്ള ഇറച്ചിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും, ക്രിസ്തുമസ്, പുതുവത്സര സീസണിൽ ശുദ്ധമായ ഇറച്ചിയും ഇറച്ചി ഉൽപന്നങ്ങളും ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നതാണ്.

(7) 'ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി' സംബന്ധിച്ച് ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി

കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐക്കോൺസ് മസ്തിഷ്ക നാഡീവ്യൂഹ സംബന്ധമായ വൈകല്യങ്ങൾ, രോഗങ്ങൾ എന്നിവയുടെ ചികിത്സ, പുനരധിവാസം, ഗവേഷണം

എന്നിവയ്ക്കായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. ബുദ്ധിപരവും ഭാഷാപരവുമായ ഭിന്നശേഷിയുള്ള കുട്ടികൾക്കും മുതിർന്നവർക്കും ആശ്രയ കേന്ദ്രമാണ് ഈ സ്ഥാപനം. ഓട്ടിസം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം തുടങ്ങിയവയ്ക്കും മറ്റ് മസ്തിഷ്ക നാഡീവ്യൂഹ രോഗങ്ങളായ Post-Stroke Aphasia, Motor weakness എന്നിവയ്ക്കും ന്യൂറോളജിസ്റ്റിന്റെ നേതൃത്വത്തിൽ വിവിധ Medical, Para-medical Professional-ലുകൾ ചേർന്ന ഒരു സംയോജിത ചികിത്സാ സമ്പ്രദായമാണ് ഐക്കോൺസിൽ തുടർന്നുവരുന്നത്.

കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സ സൗകര്യമൊരുക്കുന്നതിനായി ഐക്കോൺസിൽ ന്യൂറോളജിസ്റ്റ്, സ്പീച്ച് പാത്തോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ലിംഗ്വിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ തുടങ്ങി വിവിധ മേഖലയിലെ വിദഗ്ധർ ഉൾപ്പെട്ട ഒരു സംഘം ആത്മാർത്ഥതയോടെ ഒരു കുടക്കീഴിൽ മുന്നോട്ട് നീങ്ങുന്നുവെന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന സവിശേഷത. മസ്തിഷ്ക നാഡീവ്യൂഹ സംബന്ധമായ വിവിധ തരത്തിലുള്ള വൈകല്യങ്ങളെ സംബന്ധിച്ച Neuro Genetics പരീക്ഷണ നിരീക്ഷണങ്ങൾ ഈ സ്ഥാപനത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ

KUHS-ന്റെ കീഴിൽ മാനവശേഷി വികസനത്തിന്റെ ഭാഗമായി BASLP കോഴ്സ് 2001 മുതൽ നടത്തിവരുന്നുണ്ട്.

ഐക്കോൺസിന്റെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസൽ ഐക്കോൺസ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിൽ ഐക്കോൺസിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്കരണം, കരാർ ജീവനക്കാരുടെ വേതന വർദ്ധന കൂടാതെ ഡോക്ടർമാരുടെയും മറ്റ് അക്കാഡമിക് വിദഗ്ധരുടെയും സേവനങ്ങൾ ഉറപ്പാക്കുന്നതിനാവശ്യമായ പ്രത്യേക പാക്കേജ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും നോൺ പ്ലാൻ ശീർഷകത്തിൽനിന്നും 1,33,88,800/- രൂപ (ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ഐക്കോൺസിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി 02-09-2024-ൽ കൂടിയ ഐക്കോൺസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഐക്കോൺസിലെ മാനവവിഭവശേഷിയുടെ ലഭ്യത

ഉറപ്പുവരുത്തുന്നതിനായി അന്യത്രസേവന വ്യവസ്ഥയിൽ ആരോഗ്യവകുപ്പിൽ നിന്നും വിദഗ്ധരായ ഡോക്ടർമാരുടെയും നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ഡോക്ടർമാർ, മറ്റ് തെറാപ്പിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുവാനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് ഐക്കോൺസിന്റെ പ്രവർത്തനത്തിന് ആവശ്യമായ സഹായം നൽകണമെന്ന വിഷയം പരിഗണിക്കണമെന്നും നിർദേശിക്കുകയുണ്ടായി.